"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിലെ ജൂനിയർ സുപ്രണ്ട് ആയ ശ്രീമതി റീന എൻ, ആലപ്പുഴ ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി പ്രിയാകുമാരി പി. ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി 02.11.2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2072/2024/LSGD തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1962/2024/ത.സ്വ.ഭ.വ. തീയതി 17.10.2024
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.12.2023-ലെ LSGD/62/2023/DEB1 നമ്പർ നടപടിക്രമം
3. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 24-10-2024 തീയതിയിലെ SEC/502/2018-A1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി റീന എൻ, ശ്രീമതി. പ്രിയാകമാരി പി ജെ എന്നിവരുടെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 02.112024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവിൽ ശ്രീമതി .പ്രിയാ കുമാരി .ജെ, ഹെഡ് ക്ലാർക്ക് എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും, എന്നാൽ ടിയാരി 16.12.2023 -ൽ ജൂനിയർ സൂപ്രണ്ട് ആയി പ്രൊമോഷൻ ആയി ടിയാരിയെ സ്റ്റേറ്റ് ഇലക്ഷൻ കമ്മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ടെന്നും, 2025 -ൽ നടക്കുന്ന ഇലക്ഷന് മുന്നോടിയായി ഇപ്പോൾ തുടർന്ന് വരുന്നവർക്ക് ട്രെയിനിങ്ങുകൾ നൽകി ടിയാളുകളെ കാര്യക്ഷമമാക്കിയത് കൊണ്ട് ടിയാരിയുടെ സേവനം തുടർന്നും ആവശ്യമായതിനാൽ ടിയാരിയെ കമ്മിഷനിൽ തുടരാൻ അനുവദിക്കണമെന്നും, പരാമർശം (3) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു .

സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീമതി. പ്രിയാകുമാരി പി ജെ.യ്ക്ക് പ്രൊമോഷൻ ലഭിച്ചിട്ടും അന്യത്ര സേവന വ്യവസ്ഥയിൽ സംസ്ഥാനതെരഞ്ഞെടുപ്പ് കമ്മീഷനിൽ തുടരാൻ അനുവദിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി സാധൂകരിച്ചും, പരാമർശത്തിലെ സർക്കാർ ഉത്തരവിലെ ശ്രീമതി. പ്രിയാ കുമാരി പി.ജെ, ഹെഡ് ക്ലാർക്ക് എന്നത് ജൂനിയർ സൂപ്രണ്ട് ആയി തിരുത്തൽ വരുത്തിയും പരാമർശത്തിലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശത്തിലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി റീന എൻ, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി പ്രിയാകുമാരി പി ജെ, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ്ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (ആലപ്പുഴ / മലപ്പുറം).

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 01-11-2024 10:45:37